# വയർലസ്സ് സന്ദേശം

പ്രേക്ഷിതൻ : ഡയറക്ടർ ജനറൽ ഓഫ് പോലീസ്, കേരള

സ്വീകർത്താവ് : പോലീസ് വകുപ്പിലെ എല്ലാ യൂണിറ്റ് മേധാവികൾക്കും, എല്ലാ ഡെപ്യൂട്ടി സൂപ്രണ്ടുമാർക്കും, സർക്കിൾ ഇൻസ്പെക്ടർമാർക്കും, സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും

---

**54/ഐ.ജി.പി ട്രാഫിക്/2009** **തീയതി. 13.09.2009**

---

വിഷയം : പോലീസുദ്യോഗസ്ഥർ ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടതിൻെറ ആവശ്യകത - നിർദ്ദേശങ്ങൾ - സംബന്ധിച്ച്

ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്ന ഒരു നല്ല റോഡ് സംസ്കാരം നമുക്കില്ലാത്തതു കൊണ്ട് ആയിരക്കണക്കിനു പേർ അനാവശ്യമായി കേരളത്തിൽ മരിക്കുന്നു(.) നിയമങ്ങൾ നടപ്പിലാക്കുന്ന പോലീസ് സേനാംഗങ്ങൾ ഉറപ്പായും സ്വയം ട്രാഫിക് നിയമങ്ങൾ പാലിക്കണം(.) അതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കേരളാ പോലീസിലെ ഓരോ സേനാംഗവും സ്വകാര്യ വാഹനങ്ങൾ ഓടിക്കുമ്പോഴും നിർബന്ധമായും പാലിച്ച് മറ്റുള്ളവർക്ക് മാതൃക കാണിക്കണം(.)

1. എല്ലാ പോലീസ് സേനാംഗങ്ങളും ഇരുചക്ര വാഹനമോടിക്കുമ്പോൾ ഹെൽമെറ്റ് ധരിക്കണം(.)
2. പോലീസ് സേനാംഗങ്ങൾ ലൈറ്റ് മോട്ടോർ വാഹനമോടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കണം(.)
3. കാൽനട യാത്രക്കാർക്ക് പരമാവധി സുരക്ഷ ഉറപ്പാക്കാനായി അവർ റോഡ് മുറിച്ചു കടക്കുമ്പോൾ വാഹനം നിർത്തിക്കൊടുക്കുക(.)
4. സ്വകാര്യ ആവശ്യത്തിനായി യാത്ര ചെയ്യുമ്പോഴായാലും റോഡപകടം കണ്ടാലുടനെ 9846100100 ലോ മറ്റു പോലീസ് നമ്പറുകളിലോ വിളിച്ചു വിവരം പോലീസിനെ അറിയിക്കണം(.)
5. എല്ലാ പോലീസ് സേനാംഗങ്ങളും ഫസ്റ്റ് എയ്ഡ് സംബന്ധിച്ച അടിസ്ഥാന കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്(.)

---

(s/d)

ഡയറക്ടർ ജനറൽ ഓഫ് പോലീസിനു വേണ്ടി